(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഏഷ്യൻ വികസന ബാങ്ക്, വിദേശ ഏജൻസികൾ മറ്റ് കേന്ദ്ര ഏജൻസികൾ തുടങ്ങിയവകളിൽ നിന്നും എത്ര തുക വായ്പയായി സ്വീകരിച്ചു; ഏതൊക്കെ ഏജൻസികളിൽ നിന്ന് എത്ര രൂപ വീതം; അവയുടെ തിരിച്ചടവ് തുടങ്ങുന്നതെന്ന്; പലിശ നിരക്ക് എത്ര ശതമാനം; സബ്സിഡികൾ ലഭ്യമാണോ; വ്യക്തമാക്കാമോ;

(ഇ) പ്രതിവർഷം എത്ര തുക സംസ്ഥാന വായ്പയുടെ പലിശയും മുതലും ഇനത്തിൽ തിരിച്ച് നൽകേണ്ടതായിട്ടുണ്ട്; വിശദമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രാലയമാണ് കടപ്പത്രം പുറപ്പെടുവിക്കാൻ സംസ്ഥാനങ്ങൾക്ക് അനുമതി നൽകുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ 61463 കോടി രൂപ വായ്പയെടുക്കാനുള്ള അനുമതിയാണ് കേരളത്തിന് ലഭിച്ചിട്ടുള്ളത്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ 67 കടപ്പത്രങ്ങളിലായി 58713 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ വിവിധ വികസന ആവശ്യങ്ങൾക്ക് വേണ്ടിയാണ് കടപ്പത്രം വഴി ധനസമാഹരണം നടത്തുന്നത്. ഇപ്രകാരം വായ്പ എടുത്ത മുഴുവൻ തുകയും 'consolidated fund'-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. 'Consolidated fund'-ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

(ഡി) വിശദാംശം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു*.

(ഇ) വിശദാംശം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു*.

ചാലക്കുടി മണ്ഡലം-ആസ്തി വികസന ഫണ്ട്

161 (133) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ ചാലക്കുടി മണ്ഡലം ആസ്തി വികസന ഫണ്ട് - പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്നും ഭരണാനുമതി ലഭിച്ചവ ഏതാണെന്നും അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇനിയും ഭരണാനുമതി ലഭിക്കാത്ത എ. ഡി. എഫ്. പ്രൊപ്പോസലുകൾക്ക് അടിയന്തരമായി അനുമതി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) 2012-13 വർഷം മുതൽ 2015-16 വർഷം ഉൾപ്പെടെ നാളിതുവരെ ചാലക്കുടി മണ്ഡലം ആസ്തി വികസന ഫണ്ടുവഴി നടപ്പാക്കുന്നതിനായി അനുമതി നൽകിയ പദ്ധതികളുടെ വിശദ വിവരം അറിയിക്കുമോ?

ഉത്തരം

(എ-സി) 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ ആസ്തിവികസന പദ്ധതിയിൻകീഴിൽ ചാലക്കുടി നിയോജക മണ്ഡലത്തിൽ ഭരണാനുമതിക്കായി നിർദ്ദേശിക്കപ്പെട്ടതും ധനാനുമതി നൽകിയതുമായ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*. ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ഭരണവകുപ്പിൽ നിന്നും ശിപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനാനുമതി നൽകുന്നതാണ്.

ചികിത്സാ ധനസഹായം

162 (134) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിൽസാ ധനസഹായത്തിന് അപേക്ഷ നൽകിയിരുന്ന താഴെപ്പറയുന്ന ആളുകളുടെ തുക അനുവദിച്ചിട്ടുണ്ടോ; ഇവയുടെ ജി.ഒ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ; ഇവരിൽ ആർക്കൊക്കെ തുക കൈമാറിയിട്ടുണ്ട്; ബാക്കിയുള്ളവരുടെ തുക എന്ന് കൈമാറും എന്ന് വ്യക്തമാക്കാമോ?

(ബി) 1. ശ്രീ. പി. കെ. പുരോഷത്തമൻ, പഞ്ചമി വീട്, വെള്ളൂർ, കോട്ടയം,No. 13510/15/dated, 17-3-2015

2. ശ്രീ കുഞ്ഞുമോൻ. കെ. സി, കൊച്ചുതറ, രാമങ്കരി, കുട്ടനാട്, കോട്ടയം, No. 56762/CM/15 dated 15-9-2015

3. ശ്രീമതി ഗിരിജ ശിവദാസ്, ആശാരി പറമ്പിൽ, പൂഴിക്കോൾ, കടുത്തുരുത്തി, കോട്ടയം.

LIBRARY ARCHIVES Kerala Legislative Assembly